



# എന്റെ കാഴ്ചപ്പാട്

ഇടശ്ശേരി

ജീവിതത്തിന്റെ ആകെത്തുക ദുഃഖമാണ്. ദുഃഖവിശേഷണമായിട്ടേ സുഖം നിൽക്കുന്നുള്ളു. പൊരിവെയിലത്തു നടക്കുക എന്നതാണ് സത്യം. യാത്രാ മധ്യത്തിൽ ചോലയിൽനിന്നു നുകരുന്ന ജലത്തിന്റെ കുളിർമയും സ്വാദും ആ സത്യത്തിന്റെ വിശേഷണങ്ങൾ മാത്രം. യാത്രാവസാനത്തിൽ നാം വിവേകപൂർവം പറയുന്നു, ആ ചോലവെള്ളത്തിന് അത്രയും തണുപ്പും രുചിയും തോന്നുമാറ് പൊള്ളുന്ന വെയിലത്തെ നടത്തം ക്ലേശകരമായിരുന്നു എന്ന്.

അത്രയും തിക്തമായതുകൊണ്ട് മനുഷ്യൻ ദുഃഖത്തെ ഭയപ്പെടുന്നു. അതിനെ മായ്ക്കാൻ കഴിയില്ലെങ്കിലും കനംകുറയ്ക്കുകയെങ്കിലും ചെയ്വാൻ അവൻ ആഗ്രഹിച്ചുവന്നു. ധർമശാസ്ത്രത്തിന്റെ ആദ്യരൂപം അവതരിച്ചത് അപ്പോഴായിരിക്കണം. മനുഷ്യസമുദായത്തിൽ ഏതു വിഭാഗത്തിനും സ്വന്തമായ ധർമശാസ്ത്രമുണ്ട്. അവയെല്ലാംതന്നെ, പൊതുവിൽ പറഞ്ഞാൽ നന്മയേയും തിന്മയേയും വേർതിരിച്ചുനിർത്തി നന്മയെ സ്വീകരിക്കുവാൻ ശാസിക്കുകയാണ് ചെയ്യുന്നത്. സത്യം, ദയ, സ്നേഹം ഇവയെ പോഷിപ്പിക്കുവാനും അസത്യം, ക്രൗര്യം, വിദ്വേഷം ഇവയെ അകറ്റിനിർത്താനും ധർമശാസ്ത്രം നമ്മെ ഉപദേശിക്കുന്നു.

ചിരകാലമായി സമുദായം ഉൾക്കൊണ്ടുവന്ന ധർമാധർമവിവേകം സംസ്കാരവിശേഷമായി നമ്മളിൽ ചേർന്നുകഴിഞ്ഞിരിക്കയാണ്. പലതും ചെയ്യാൻ പാടില്ലെന്നും പലതും ചെയ്തേ തീരൂ എന്നും ശാസ്ത്രവൈദഗ്ദ്ധ്യമില്ലാതെതന്നെ നമുക്കിന്നറിയാം. മനുഷ്യകൃതങ്ങളായ ദുഃഖങ്ങളെങ്കിലും ചിലതെല്ലാം കനം കുറച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ദുഃഖനിർമാർജനം, അതാണ് ധർമശാസ്ത്രത്തിന്റെ സ്വപ്നമെങ്കിൽ, ഇപ്പോഴും അസാധ്യപരിധിയിൽത്തന്നെ നിൽക്കുന്നേയുള്ളു.

‘വിളയും സുഖദുഃഖങ്ങൾ വിതയ്ക്കും നന്മതിന്മതൻ ഫലമായിട്ടെന്ന ബോധം’ പൊരുൾ തന്നെയായിരിക്കാം. പക്ഷേ, നന്മയും തിന്മയും എവിടെ വെച്ചാണ് വേർപിരിയുന്നത്? അഥവാ വേർപിരിയലുകളുണ്ടോ? ദിതിയും അദിതിയും സഹോദരിമാർ മാത്രമല്ല, സപത്നിമാർ കൂടിയാണ്. ‘കൊല്ലരുത്’-എങ്കിൽ ഈ രാജ്യം രാക്ഷസാവിഷ്ടമായേനേ. ‘കളവുപറയരുത്’-ശരി. ഏതെല്ലാം പരിതഃസ്ഥിതിയിൽ? സൂക്ഷ്മതരമായ വിശകലനത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണ് പുറത്തുവരുന്നത്? ഏതു മഹത്തായ സത്യത്തെയും നിഷ്പ്രഭമാക്കുമാറ് പുണ്യതമമായ നുണയുണ്ട്. മഹാനായ വിക്ടർയൂഗോ സിസ്റ്റർ സാം പ്ലീസിനോട് വിളിച്ചുപറയുന്നു: ‘സിസ്റ്റർ, ആ നുണ നിങ്ങളുടെ എല്ലാ പുണ്യകർമങ്ങളുടെയും കൂടെ കിടക്കട്ടെ’ എന്ന്. ആദിപശുക്കളെ അറുത്ത് ചോരപ്പുഴയൊഴുക്കിയത് രന്തിദേവനാണ്!

സ്നേഹം, അപഥത്തിലേക്ക് വഴിതിരിക്കാൻ മിടുക്കനാണ്. സത്യോപാസകരെ പ്രായോഗിക ജീവിതത്തിൽ ദുർബലരായി കാണുന്നു. ദയാശാലികളെക്കൊണ്ടുണ്ടാകുന്ന ആപത്തിന്റെ ഉദാഹരണങ്ങൾ ഭീമങ്ങളാണ്. കാരണം, നന്മതിന്മകളുടെ അതിർവരമ്പ് സൂക്ഷ്മാൽ സൂക്ഷ്മതരമാണ് എന്നതുതന്നെ.

ധർമശാസ്ത്രത്തിന് മനുഷ്യകൃതമായ ദുഃഖത്തെയെങ്കിലും നിർമാർജനം ചെയ്യാൻ സാധിക്കുമോ? ഏറ്റവും ധർമനിരതനായ രാജാവ് അതേ ധർമത്തിന്റെ പേരിൽത്തന്നെ ഗർഭിണിയും അനന്യാവലംബയുമായ ഭാര്യയെ കാട്ടിൽത്തള്ളി. യുഗയുഗാന്തരങ്ങൾക്കുശേഷവും ആ കഥ നമ്മെ ദുഃഖവിവശരാക്കുന്നു. അപ്പോൾ സ്വധർമാനുഷ്ഠാനഫലമായി സ്നേഹശീലനായ ആ ഭർത്താവ് എന്തനുഭവിച്ചു? ധർമരഹസ്യം ഗുഹാനിഹിതമെന്ന് മഹർഷിമാർ പറയുന്നു. രാജാവിന് തെറ്റിപ്പോയോ? ജനാപവാദത്തെ മാനിയാതെ രാമൻ ജാനകീസമേതനായി നാടുവാണിരുന്നെങ്കിൽ? ആ കഥാപരിണാമത്തെക്കുറിച്ച് ഒരു സങ്കല്പം നന്ന്. ‘യഥാ രാജാ തഥാ പ്രജാഃ’ എന്ന നിയമേന സമുദായത്തിൽ ഭാര്യാഭർത്തൃബന്ധത്തിന്റെ പരിശുദ്ധി നശിക്കുകയും കുടുംബമെന്ന സ്വർഗം തകരുകയും ചെയ്തേക്കും. മനുഷ്യസമുദായത്തിന്റെ സംസ്കാരോന്മുഖമായ പ്രയാണത്തിൽ സംഭവിക്കുന്ന തിര്യക്കായ ആ പ്രവാഹം നമ്മെ എവിടെക്കൊണ്ടെത്തിക്കുമായിരുന്നു? അപ്പോഴും അവസ്ഥ ദുഃഖാൽ ദുഃഖതരം തന്നെ.

അപ്പോൾ എന്തുചെയ്താലും ദുഃഖമാണ് ഫലം. അത് അനിവാര്യവുമാണ്. നമുക്ക് ഒഴിച്ചുനിർത്താവുന്നത് ഭയത്തെ മാത്രമാണ്. ഈ ഭയം ക്ലേശങ്ങളെ എത്രയോ ഇരട്ടി സമ്മർദശക്തിയുള്ളതാക്കിത്തീർക്കുന്നു. ധീരൻ ഒരിക്കലേ മരിക്കൂ, ഭീരുവാകട്ടെ പലതവണ മരിക്കുന്നു എന്നതിലെ പൊരുൾ മറ്റൊന്നുമല്ല. എന്നല്ല, വഴിത്തിരിവുകളിൽ തീരാസന്ദേഹങ്ങളെക്കൊണ്ട് നമ്മെ വിഷമിപ്പിക്കുന്നതും ഈ ഭയമാണ്. അത് നപുംസകത്വത്തിലേക്ക് നമ്മെ മാറ്റി നിർത്തുന്നു.



## എന്റെ കാഴ്ചപ്പാട്

ഇടശ്ശേരി

2

എന്തുചെയ്താലും തെറ്റാണെന്നു വരുന്ന സന്ദർഭങ്ങളിൽ എന്താണ് ശരി എന്ന് നമുക്ക് തോന്നുന്നുവോ അതിനെ ഉറപ്പിച്ചു ചെയ്യുക. തെറ്റും ശരിയും നമുക്കുള്ളതാണ്. പാപബോധമാണ് പാപം എന്ന് മറക്കാതിരിക്കുക.

ദുഃഖത്തെ നശിപ്പിക്കണമെങ്കിൽ ഞാൻ എന്നിലുള്ള തിന്മയെ നശിപ്പിക്കണം. അത് സാധ്യമാണോ? നന്മതിന്മകൾ വെളിച്ചവും നിഴലുംപോലെ ശാശ്വതസത്യങ്ങളാണെന്നു തോന്നുന്നു. എന്നാൽ നന്മയും തിന്മയും ഉണ്ടാകാതെ വയ്യ. അതുകൊണ്ട് ധർമരതിയും അധർമാസക്തിയും എന്നിൽത്തന്നെയുണ്ട്. അവിടംകൊണ്ടും അവസാനിച്ചില്ല. ഞാനെന്നതിന്റെ മൊത്ത സംഖ്യയാണ് പ്രപഞ്ചം, പ്രപഞ്ചാത്മാവായ ഈശ്വരൻ. ആ മൊത്തസംഖ്യയിൽനിന്നാണ് എന്നിലുള്ള എന്തും സംക്രമിച്ചത്. നന്മ ഈശ്വരനിൽനിന്നും തിന്മ ചെകുത്താനിൽ നിന്നും സംക്രമിച്ചു എന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം, ഒന്നല്ലാതെ രണ്ടല്ല. അതുകൊണ്ട് എന്റെ ഈശ്വരൻ പരമകാരുണികനാണ് എന്നപോലെ പരമ ക്രൂരനുമാണ്. തപോവൃത്തിയിൽ ഈശ്വര സാക്ഷാത്കാരം നേടിയാൽ പോലും എന്നിലുള്ള തിന്മ നശിക്കാനോ തദ്വാരാ ദുഃഖത്തെ നശിപ്പിക്കാനോ കഴിയുമെന്നു വിശ്വസിക്കാൻ വയ്യ.

ദുഃഖത്തെ നശിപ്പിക്കലല്ല, മെരുക്കിയെടുക്കലുമല്ല, അതിനെ ജയിക്കുക-അതാണ് മനുഷ്യന്റെ നയം. ഇവിടെ ധർമശാസ്ത്രങ്ങൾ വിലപ്പെട്ടവയാണ്.

സീതാപരിത്യാഗത്തിനുശേഷം അതിലും ദുഃഖപ്രദമായ പുനഃസമാഗമത്തെ നേരിട്ടതിനുശേഷവും ജീവിച്ചിരിക്കാനും രാമരാജ്യമെന്ന മാതൃകാ ഭരണത്തിന്റെ മനോഹരസങ്കല്പത്തെ യുഗാന്തരങ്ങളിലേക്കുകൂടി തള്ളിയൊഴുക്കാനും രാമന് കെല്പുണ്ടായത് രാജകിരീടമണിഞ്ഞ ശിരസ്സിനെ ദുഃഖത്തിൽ നിന്ന് ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. സ്വന്തം വംശംപോലും അതിജീവിക്കാൻ അർഹമല്ലെന്നു കണ്ടപ്പോൾ ദുഃഖത്തെ ത്യജിച്ച പരമമായ ലക്ഷ്യത്തോളം പ്രയാണം ചെയ്ത കാരുണ്യമൂർത്തിയായ കൃഷണനിൽനിന്നേ അനാസക്തമായ കർമം എന്ന ആശയം മനുഷ്യനു കൈവരൂ. നിരവധി ദുഃഖങ്ങളെ ചവിട്ടിമെതിച്ചു മുമ്പോട്ടുപോന്ന നമ്മുടെ രാഷ്ട്രപിതാവിനെ നോക്കൂ. മനുഷ്യർ പരസ്പരം കൊത്തിനുറുക്കിക്കൊണ്ടിരുന്നപ്പോൾ ഹിമാലയസാനുക്കളിൽ പ്രതിധ്വനിക്കുമാറ് 'കൊല്ലരുത്, കൊല്ലരുത്'എന്നുറക്കെയുറക്കെ വിളിച്ചുപറഞ്ഞു നടന്ന ആ മഹാത്മാവിനേ ആയിരത്താണ്ടായി നശിച്ചുകിടന്ന ഒരു ഭൂഖണ്ഡത്തെ മുഴുവൻ നിർഭയത്വത്തിലേക്ക് സമുദ്ധരിക്കാൻ കഴിഞ്ഞുള്ളൂ. ഇവരെല്ലാവരും ധർമസംഹിതകളുടെ ചുമലിൽപിടിച്ചു നടന്നു. ധർമശാസ്ത്രങ്ങളുടെ ഉദ്ദേശ്യവും അതാണ്. ദുഃഖത്തെ നശിപ്പിക്കലല്ല, സുസഹമാക്കലുമല്ല, ദുഃഖത്തിൽ നിന്നും നമ്മെ ഉയർത്തിനിർത്തലാണ്.

'മനമല്ലിൽ കൊതിച്ചുചെല്ലുകിൽ
തനിയേ കൈവിടുമീർഷ്യ ദുർവിധി.'

കാരണം ദുഃഖത്തേക്കാളധികം നമ്മെ വലയ്ക്കുന്നത് ദുഃഖഭീതിയത്രേ. ചോരകുടിച്ചലറുന്ന ഭദ്രകാളിയുടെ കഥയില്ലേ. അവൾക്കു കുറേ പരിചാരകവൃന്ദവുമുണ്ട്. ദേവിക്ക് അനുഗ്രഹശക്തി കൂടിയുണ്ട്. ഈ പരിചാരകർക്കാകട്ടെ, വസൂരിയും തലേത്തട്ടിയും* നടന്നു വിതയ്ക്കലേ പണിയുള്ളൂ. ഏതാണ്ട് ഇതുപോലെയാണ് ദുഃഖവും ദുഃഖഭീതിയും. ദുഃഖാനുഭൂതി മനുഷ്യനെ പ്രബലനും മഹാനുമാക്കി ഉയർത്തും. ദുഃഖഭീതിയാകട്ടെ, മനുഷ്യനെ ചെറ്റയാക്കുകയേ ചെയ്യുന്നുള്ളൂ.

ദുഃഖം അനിവാര്യമാണെന്ന ബോധംകൊണ്ടേ ഈ ഭീതിയെ അകറ്റാൻ കഴിയൂ. സമകാലിക ജീവിതങ്ങളെ കഴിയുന്നതും അടുത്തറിഞ്ഞു പഠിക്കുന്നതുകൊണ്ടും മനുഷ്യകഥാനുഗായികളായ മഹാന്മാർ എഴുതിവച്ച നിരവധി ചരിത്രങ്ങൾ പാരായണം ചെയ്യുന്നതുകൊണ്ടും പ്രപഞ്ചത്തിന്റെ അപാരതയെക്കുറിച്ചുള്ള അനുധ്യാനംകൊണ്ടും കർമനിരതനായ ഒരാൾക്ക് ഇത് സാധിക്കാൻ പറ്റും.

ഹ്രസ്വമല്ലാത്ത സ്വന്തം ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുമ്പോൾ എനിക്കു കാണാൻ കഴിയുന്ന ഒരു മഹാത്ഭുതമുണ്ട്. അകാലനിര്യാതനായ എന്റെ ഒരു കൊച്ചു സുഹൃത്ത്- 'ഇടയന്റെ നിക്ഷേപം' എന്ന മനോഹര കാവ്യസമാഹാരത്തിന്റെ കർത്താവായ ഇ. നാരായണൻ. പലപ്പോഴും ഭാരതപ്പുഴയുടെ സുവിശാലമായ മണൽത്തട്ടിൽ, അനതിദൂരമായ അബ്ധിഘോഷങ്ങളുടെ പശ്ചാത്തലത്തിൽ, അനാദികാലം മുതൽക്കേ അണ്ഡകടാഹങ്ങളെ കൊത്തിവിരിയിക്കുന്ന വിശാലാന്തരീക്ഷത്തെയും നോക്കി ഞങ്ങൾ മണിക്കൂറുകൾ ചെലവിട്ടിട്ടുണ്ട്. നിറഞ്ഞ കണ്ണോടും നീറിയ കരളോടും അയാൾ അടുത്തിരിക്കുമ്പോൾ ആ ഹൃദയമിടിപ്പുകൾ എനിക്ക് പരിചിതങ്ങളാണ്. അവിടെവെച്ചുതന്നെ, ഇന്നും ജീവിച്ചിരിക്കുന്ന ഞങ്ങളുടെ മറ്റൊരു സുഹൃത്തിനോടൊപ്പം സ്വന്തം ജീവിതവുമായി പ്രത്യക്ഷബന്ധമില്ലാത്ത വലിയ കാര്യങ്ങളെക്കുറിച്ച് ചർച്ചകളും നിരൂപണങ്ങളും, പലപ്പോഴും അജ്ഞതാവിലസിതമെന്നു പറയട്ടെ, വാശിയിലുള്ള വാദപ്രതിവാദ





ങ്ങളും നടത്തിയിട്ടുണ്ട്. ഉദ്ദേശ്യം, പരിതോവസ്ഥകളെ വിസ്മരിക്കലായിരുന്നു. അഥവാ ദുഃഖഭീതിയെ അകറ്റിനിർത്തലായിരുന്നു. ആ ഉദ്ദേശ്യം ഒട്ടൊക്കെ വിജയിച്ചു എന്ന്, ആ ദുഷ്ക്കാലത്തെ അതിജീവിച്ച എനിക്ക് പറയാൻ കഴിയും. എന്നല്ല, ഇന്നും താദൃശ സന്ദർഭങ്ങളിൽ എന്റെ സുഹൃത്തിന്റെ ഈ വരികൾ ഞാൻ ഉരുവിടുന്നു.

‘ഉൽക്കടദുഃഖക്കൂമ്പേ തപ്താശ്രുബിന്ദോ, നീയേ
മജ്ജീവിതാകാശത്തെത്തിളക്കും പൊൻനക്ഷത്രം
ഭാവല്ക്കകിരണങ്ങളുമ്മവെച്ചുണർത്തീമ-
ത്ഭാവനാലസോന്മീലല്ലോചനപുടങ്ങളെ.’

ഏതാണ്ട് ദുഃഖസത്യജ്ഞതയോളം വളർന്ന ഒരാത്മാവിന്റെ ബഹിർസ്ഫുരണം.

*വിഷൂചിക

*ഈ ലേഖനം എന്തിനുവേണ്ടി എഴുതിയെന്നോ എന്നെഴുതിയെന്നോ എവിടെയെങ്കിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നോ അറിഞ്ഞുകൂടാ. കവിയുടെ ജീവിതത്തിന്റെ ഉത്തരാർധത്തിൽ എന്നോ ആയിരിക്കണം എഴുതിയത്. കൈയെഴുത്തുപ്രതി ഇടശ്ശേരിയുടെ പത്നി എടുത്തുതന്നത്.*